No. 1276/94

## ലേല പരസ്യം/Webssite പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കിഴക്കേ പള്ളിത്താമം കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന D4 ക്വാർട്ടേഴ്സ് കെട്ടിടം (ജോതിഷ പരിഷത്ത് പ്രവർത്തിച്ചിരുന്ന കെട്ടിടം) ഭൂനിരപ്പ് വരെയുള്ള ഭാഗം പൊളിച്ചുകൊണ്ടുപോകുന്നതിനുള്ള അവകാശം 2015 ആഗസ്റ്റ് മാസം 18 ാം തീയ്യതി പകൽ 3 മണിക്ക് കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ് പരിസരത്ത് വച്ച് പരസ്യയമായി ലേലം നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നതവർ സ്ഥലത്തും സമയത്തും ഹാജരാകേണ്ടതും ലേല സമയത്തിന് അരമണിക്കൂർ മുൻപ് നിരതദ്രവ്യം 10000/- രൂപ കെട്ടിവക്കേണ്ടതാണ്. ഏറ്റവും കൂടുതൽ സംഖ്യക്ക് ലേലം വിളിക്കുന്ന ആളുടെ പേരിൽ മൂന്ന് വാക്ക് വിളിച്ച് ലേലം ഉറപ്പിക്കുന്നതാകുന്നു. മേൽ പ്രകാരം നടത്തിയ ലേലം സ്ഥിരപ്പെടുത്തുന്ന മുറയ്ക്ക് ഒരാഴ്ചക്കകം ലേല സംഖ്യ മുഴുവനും കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതും 30 ദിവസത്തിനകം ടി കെട്ടിടം ചുറ്റുപാടുള്ള മറ്റു വസ്തുവഹകൾക്ക് യാതൊരുവിധ കേടുപാടുകൾ വരുത്താത്ത വിധത്തിൽ പൊളിച്ചുകൊണ്ടുപോകേണ്ടതും സ്ഥലം വൃത്തിയാക്കേണ്ടതുമാണ്. ലേലം ഉറപ്പിച്ചതിനുശേഷം ലേലം കൊണ്ടയാൾ ഒഴികെയുള്ളവർക്ക് കെട്ടിവെച്ച നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ്. ലേലം ദേവസ്വത്തിന് ഗുണകരമല്ലെന്നു കണ്ടാൽ ലേലം വേണ്ടെന്നുവക്കുന്നതിനോ മറ്റൊരു തീയ്യതിയിലേക്ക് മാറ്റി വെക്കുന്നതിനോ താഴെ ഒപ്പിടുന്ന ആൾക്ക് പൂർണ്ണാധികാരമുണ്ടായിരിക്കുന്നതാണ്.

ഈ ലേലത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ അറിയാവുന്നതാണ്. കൊച്ചിൻ ദേവസ്വം ബോർഡിൽ നിലവിലുള്ള ലേലവ്യവസ്ഥകൾ എല്ലാം ഇതിന് ബാധകമായിരിക്കും.

കൊച്ചിൻ ദേവസ്വം ബോർഡ് കാര്യാലയം,
റൗണ്ട് നോർത്ത്, തൃശ്ശൂർ,
ഫോൺ : 0487 – 2331124,
തീയതി : 10.8.2015.

Yours faithfully,
Sd/-,
V.Rajalakshmy,
Secretary.